



# ലിറ്റിൽ കൈറ്റ്സ് മാഗസിൻ 2019-20 ലിറ്റിൽ

## ഫ്ലവർ കോൺവെന്റ്ഹൈസ്കൂൾ ഇരിങ്ങാലക്കുട



# വിദ്യാലയ ഗീതം

ചെറുപുഷ്പം വിടരട്ടെ പുതുനാമ്പുകളുണരട്ടെവിജ്ഞാനം വളർന്നിടട്ടെ
ഭൂമി തിളങ്ങട്ടെ
വിദായാദേവത വാഴുന്നിവിടെ
സമസ്ത സുന്ദരിയായ്
പുണായവതിയാം കൊച്ചുത്രേസ്യതൻ
അനുഗ്രഹാശ്ശിസാൽ നാം വളർന്നിടട്ടെ
സുവർണ്ണ ശോഭ തിളങ്ങട്ടെ
സൂര്യകിരണം തൊട്ടുണർത്തും
പത്മദളങ്ങൾക്കുള്ളിൽ നിന്നൊരു
വെള്ളരിപ്രാവായ് ഉയർന്നുപൊങ്ങി
ഒരു കൈത്തിരിനാളം കൊളുത്താം
വിദ്യതൻ വീണാനാദം പൊഴിക്കാം
അച്ചരനമമ്മയും ഗുരുവും ദൈവവും
ഒന്നെന്ന സത്യത്തിലൊന്നായ്
ഒരു മനസ്സായ്  ഒരു സ്വരമായ്
ഒന്നായ് വാഴുന്നു എന്നും
വിദ്യതൻ സ്വർഗത്തിൽ ഞങ്ങൾ
പുതുലോക പ്രതീക്ഷകൾ ഞങ്ങൾ
വിദ്യയാർജ്ജിക്കുവാൻ വിജയം വരച്ചിടാൻ
ജീവിതപാതയിൽ മുന്നേറുവാൻ
വഴിവിളക്കാകണേ ജഗത്പിതാവേ
അനുഗ്രഹമേകണേ ജഗത്പിതാവേ.



# LITTLE FLOWER CONVENT HIGH SCHOOL IRINJALAKUDA

# 96 ന്റെ നിറവിൽ



# വി കൊച്ചുത്രേസ്യ വിദ്യാലയത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥ



# വി ചാവറയച്ചൻ

# വിദ്യാഭ്യാസാചാര്യൻ

# VISION

*Moulding a generation to rely on the providence of God through which they can be self-confident to transform the society.*

# MISSION

*To enhance value education for the empowerment of women and children through wisdom and liberation.*

# ആശംസ

ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ വിദ്യാലയത്തിൽ ആരംഭിച്ചിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐടി കൂട്ടായ്മ ഹൈടെക്ക് പദ്ധതിയുടെ ഭാഗമായി **മൈൻഡ്രോയ്ഡ്** പുറത്തിറങ്ങുന്നു.നൂതന സാങ്കേതിക വിദ്യാലോകത്തേക്ക് വിദ്യാർത്ഥികളുടെ കൈപിടിച്ചുയർത്തുന്ന തരത്തിൽ സ്കൂൾ പ്രവർത്തനങ്ങൾ കൂടുതൽ അന്വേഷണാത്മകവും സർഗ്ഗാത്മകവുമാക്കാൻ അണിയറ ശിൽപ്പികൾക്ക് സാധിക്കട്ടെ.ഈ വിദ്യാലയത്തിൽ പഠനത്തോടൊപ്പം കുട്ടികളുടെ സർഗ്ഗാത്മകത വെളിച്ചത്ത് കൊണ്ടുവരുക എന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിന് ഈ മാഗസിനിലൂടെ ആരംഭംകുറിച്ച അദ്ധ്യാപിക-വിദ്യാർത്ഥി കൂട്ടായ്മക്ക് സർവ്വമംഗളങ്ങളും അനുഗ്രഹാശംസകളും നേരുന്നു.

- സി.റോസ് ലറ്റ്

# ആശംസ

കുട്ടികളുടെ ലിറ്റിൽ കൈറ്റ്സ് ഐ.ടി. കൂട്ടായ്മ ഹൈടെക്ക് പദ്ധതിയുടെ ഭാഗമായി ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ കോൺവെന്റിലെ വിദ്യാർത്ഥിനിയുടെയും അദ്ധ്യാപകരുടെയും സ ർഗ്ഗസൃഷ്ടികൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു മാഗസിൻ പുറത്തിറങ്ങുന്നു.വിവരവിനിമയ സാങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വളരെ പങ്കുവഹിക്കാനാവും.പഠനരംഗത്തും പാഠ്യേതര പ്രവർത്തനത്തിലും മികവ് പുലർത്തികൊണ്ടിരിക്കുന്ന കൊച്ചു പ്രതിഭകളുടെ സാഹിത്യവാസനങ്ങൾക്ക് പുതുവെളിച്ചം പകരാൻ ഈ മാഗസിനിലൂടെ സാധിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

ജെയ്സൺ കരപ്പറമ്പിൽ

**പി ടി എ പ്രസിഡന്റ്**

# പത്രാധിപസമിതി

ചീഫ് എഡിറ്റർ - സി.റോസ് ലറ്റ് (പ്രധാന അധ്യാപിക)

സ്റ്റാഫ് എഡിറ്റർ - ഫിൽസി പോൾ

സ്റ്റുഡന്റ് എഡിറ്റർ - അഭിരാമി പി.ആർ

പത്രാധിപസമിതി അംഗങ്ങൾ
- ആഞ്ചലീന ജോസഫ്
- അമൃത കൃഷ്ണ കെ.യു
- റെനിയ ജോയ്
- ലക്ഷ്മി നന്ദന ടി. എം
- എദ്ന സിയോൺ
- അക്ഷര പി സുജിത്ത്
- അലോൺസോ

കൈറ്റ് മിസ്ട്രസ്സ്
- സ്റ്റോഫി പി.സെബാസ്റ്റ്യൻ
- ബൈജി പി.ജെ



# "മൈൻഡ്രോയ്ഡ്"

# പത്രാധിപസമിതി



# ലിറ്റിൽകൈറ്റ്സ്
# 2019-20

# എഡിറ്റോറിയൽ



ആധുനികതലമുറ സ്വന്തം മനസ്സിന്റെ ശബ്ദവും സംവേദനവും തിരിച്ചറിയണം. ഉയരങ്ങളിലേക്ക് ലക്ഷ്യമിടാനും  സ്വപ്നം കാണാനും പരിശ്രമങ്ങൾ നടത്താനും ഉയരങ്ങളിലേക്ക് പറന്നുയർന്ന് ആ സ്വപ്നത്തെ സാക്ഷാത്കരിക്കാനും പുതുതലമുറയ്ക്ക് സാധ്യമാകണം. സ്വന്തമായ ഒരു വഴി കണ്ടെത്തി നൂതനമായ തന്റേതായ അംശങ്ങൾ കലർത്തി ആ മാർഗത്തിലൂടെ മുന്നേറാനുള്ള കഴിവ് ആർജിക്കാൻ സാധിക്കണം. അത് അവരുടെ ഭാവിയുടെ രൂപകല്പനയ്ക്ക് കൂടുതൽ സഹായകമാകും. ഇത്തരത്തിലുള്ള ഉയർച്ചയിലേക്ക് വിദ്യാർഥികളെ നയിക്കാൻ അവസരം ഒരുക്കുകയാണ് ലിറ്റിൽ കൈറ്റ്സ്. ആധുനികയുഗം പരിവർത്തനങ്ങളുടെ ചവിട്ടുപടികൾ കയറികൊണ്ടിരിക്കുകയാണ്. കാലത്തിന്റെ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് അതിനനുസരിച്ച് കൂടുതൽ ക്രിയാത്മകമായി പ്രതികരിക്കാൻ കുട്ടികളെ പ്രാപ്തരാക്കാൻ ലക്ഷ്യമിടുകയാണ് മൈൻഡ്രോയ്ഡ്. ആധുനികസമൂഹത്തിൽ നൂതനസാങ്കേതികവിദ്യകൾ ഒഴിച്ചുകൂടാനാകാത്തവയായി മാറിയിരിക്കുന്നു. ഈ മേഖലയിലുള്ള തങ്ങളുടെ നൈപുണ്യം പ്രകടമാക്കി "മൈൻഡ്രോയ്ഡ്" മിഴിതുറക്കുകയാണ്. ഇതിന്റെ

താളുകളിൽ നാളെയുടെ മിഴിവേറിയ സ്വപ്നങ്ങൾ തിങ്ങിനില്ക്കുന്നു. അത് സാങ്കേതികവിദ്യയുടെ സ്പന്ദനമാണ്. ഒപ്പം വിദ്യാർഥിമനസ്സുകളുടേയും! ഉയരങ്ങളിൽനിന്ന് ഉയരങ്ങളിലേക്ക് പറക്കാൻ ആഗ്രഹിക്കുന്ന , ലോകം മുഴുവൻ പ്രതിധ്വനിക്കാൻ ആഗ്രഹിക്കുന്ന 'മൈൻഡ്രോയ്ഡി''ന് അഭിനന്ദനങ്ങൾ............

ചീഫ് എഡിറ്റർ
ഫിൽസി പോൾ

# സുപ്രധാന സംഭവങ്ങൾ



പരിസ്ഥിതി ദിനാഘോഷം



പ്രവേശനോത്സവം




വിജയോത്സവം



യോഗാദിനം




മ്യൂസിക് ദിനം

# ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ ചരിത്രതാളുകളിലൂടെ....

മികവിന്റെ തിരുമുറ്റത്ത് നിറച്ചാർത്തായി വിടർന്ന് നിൽക്കുകയാണ് ഇന്ന് ലിറ്റിൽഫ്ളവർ എന്ന ഈ വിദ്യാനികേതനം.വളർച്ചയുടെ പടവിൽ നിൽക്കുമ്പോൾ,കൈപിടിച്ചുനടത്തിയവരെയും താങ്ങും തണലുമായി ഒപ്പം നിന്നവരെയും സ്മരിക്കാതെ വയ്യ.പിന്നിട്ട ഇന്നലെകളുടെ മിഴിവാർന്ന വർണ്ണഭംഗി കണ്ടറിഞ്ഞ് ദളമർമ്മരങ്ങൾക്ക് കാതോർത്ത് കൃതജ്ഞതാപൂർവ്വം ഒരു ജൈത്രയാത്ര നടത്തുക ചേതോഹരമായിരിക്കും.

ഇരിങ്ങാലക്കുടയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ലിറ്റിൽഫ്ളവർ മഠാംഗങ്ങളുടെ ചിരകാലാഭിലാഷമായിരുന്നു പെൺകുട്ടികളുടെ സമഗ്രമായ വളർച്ചയ്ക്കും രൂപീകരണത്തിനും വേദിയൊരുക്കുകയെന്നത്.ഈ സ്വപ്നസാക്ഷാത്ക്കാരത്തിന്റെ ആദ്യപടിയായി 1923 മെയ് 28-ാം തീയ്യതി മഠത്തിന്റെ മുൻവശത്തുള്ള വറീദിന്റെ വീട് വാടകയ്ക്കെടുത്ത് പ്രൈമറി ക്ലാസ്സുകൾ ആരംഭിച്ചു.244 കുട്ടികളാണ് അന്ന് ഇവിടെ വിദ്യഭ്യാസത്തിന് വന്നുച്ചേർന്നത്.സി. ക്രിസ്തീന ആയിരുന്നു പ്രഥമ പ്രധാനധ്യാപിക.1923 ഒക്ടോബർ മാസത്തിൽ സ്കൂൾ കെട്ടിടത്തിന്റെ പണി ആരംഭിച്ചു.1926 മെയ് 31-ന് ഈ വിദ്യാലയം ഒരു പൂർണ്ണ ലോവർപ്രൈമറി ആയി ഉയർത്തപ്പെട്ടു.ഇതിന്റെ പ്രധാന അധ്യാപികയായി ഈ നാട്ടുകാരിയായ

കാളിയങ്കര വള്ളിവട്ടത്തുകാരൻ വറീത് റോസയെ നിയമിച്ചു.1933-ൽ 4-ാം ക്ലാസ്സ് പുതിയ ഡിവിഷനും,തുടർന്നുള്ള വർഷങ്ങളിൽ 5,6,7 ക്ലാസ്സുകളും ആരംഭിച്ചു.

നാനാജാതി മതസ്ഥരുടെയും ഇരിങ്ങാലക്കുടയിലെ നല്ലവരായ നാട്ടുകാരുടെയും കൂട്ടായ ശ്രമഫലമായി മഠം കപ്ലോനായിരുന്ന പറപ്പൂക്കര ചിറയത്ത് യോഹന്നാനച്ചനും ഇരിങ്ങാലക്കുട MLC ആയിരുന്ന ശ്രീ.ജോർജ്ജ് പാനികുളവും,സെന്റ് തോമസ് കോളേജിലെ പ്രൊഫ.ശ്രീ ജോസഫ് പെട്ട അവർകളും ചേർന്ന് അന്നത്തെ കൊച്ചി ദിവാനെ ചെന്ന് കണ്ട് അദ്ദേഹത്തിന്റെ അനുമതി പ്രകാരം 1944 ജൂൺ 7-ന് ഹൈസ്കൂളിന് ആരംഭം കുറിച്ചു.ജൂൺ 21-ന് ദിവാൻജിയുടെ രേഖാമൂലമുള്ള കൽപന കിട്ടി.1945 ജൂൺ 14-ന് പുതിയ സ്കൂൾ കെട്ടിടം മഠം കപ്ലോൻ ചിറമ്മേൽ ഗീവർഗ്ഗീസച്ചന്റെ നേതൃത്വത്തിൽ പണിതുയർന്നു.മഠത്തിന്റെ കിഴക്കുഭാഗത്തുള്ള കെട്ടിടത്തിന്റെ പണിക്കാവശ്യമായ മരം കിട്ടേണ്ടതിന് സിസ്റ്റേഴ്സ് കൊച്ചി രാജാവായ രവിവർമ്മയെ നേരിട്ടു കാണുകയുണ്ടായി.

അദ്ദേഹത്തിന്റെ കല്പനപ്രകാരം മരം അനുവദിച്ച ശേഷം 1946-ന് പുതിയ കെട്ടിടം പണിതു.ഡിവിഷനുകൾ കൂടിയതനുസരിച്ച് 1957,1959 എന്നീ വർഷങ്ങളിൽ പുതിയ കെട്ടിടങ്ങൾ പണിതു.1961 ജൂൺ 5-ന് ഹൈസ്കൂൾ വിഭാഗവും,ലോവർപ്രൈമറിയും വെവ്വേറെയായി പ്രവർത്തനം തുടങ്ങി.വിദ്യാർത്ഥികളുടെ എണ്ണം വളരെ വർദ്ധിച്ചപ്പോൾ സുഗമമായ പ്രവർത്തനം മുന്നിൽ കണ്ട് 1996 ഒക്ടോബർ 2-ന് പുതിയ 3 നില കെട്ടിടത്തിന് തറക്കല്ലിട്ടു.1999-ൽ പണിപൂർത്തിയായ ആ കെട്ടിടമാണ് ഇന്ന് നമ്മൾ കാണുന്ന ലിറ്റിൽ

ഫ്ളവർ ഹൈസ്കൂൾ.2002-ൽ UN aided plus two അനുവദിച്ച ു.ആദ്യബാച്ച് ആരംഭിച്ചു.ഇന്ന് നേഴ്സറി മുതൽ +2 വരെ ഇംഗ്ലീഷ് മീഡിയവും മലയാളം മീഡിയവും പഠന സൗകര്യവുമായി മികവിന്റെ തിരുമുറ്റത്ത് നിറച്ചാർത്തായി വിടർന്ന് നിൽക്കുകയാണ് ഇന്ന് ലിറ്റിൽഫ്ളവർ എന്ന ഈ വിദ്യാനികേതനം.വളർച്ചയുടെ പടവിൽ നിൽക്കുമ്പോൾ,കൈപിടിച്ചുനടത്തിയവരെയും താങ്ങും തണലുമായി ഒപ്പം നിന്നവരെയും സ്മരിക്കാതെ വയ്യ.പിന്നിട്ട ഇന്നലെകളുടെ മിഴിവാർന്ന വർണ്ണഭംഗി കണ്ടറിഞ്ഞ് ദളമർമ്മരങ്ങൾക്ക് കാതോർത്ത് കൃതജ്ഞതാപൂർവ്വം ഒരു ജൈത്രയാത്ര നടത്തുക ചേതോഹരമായിരിക്കും.
ലിറ്റിൽ ഫ്ളവർ ഹയർസെക്കന്ററി സ്ക്കൂൾ ഇരിങ്ങാലക്കുടയുടെ പ്രൗഢിയായ് നില കൊള്ളുന്നു.

**ജൂബിലി നിറവിൽ**

വിദ്യാലയത്തിന്റെ രജതജൂബിലി 1948 ഏപ്രിൽ 14-ന് സാഘോഷം കൊണ്ടാടി.1973-ൽ കനക ജൂബിലി സ്മാരകമായി രണ്ടു നിർധന കു ട്ടികൾക്ക് ഭവനം നിർമിച്ചു കൊടുത്തു.അതിന്റെ താക്കോൽദാനകർമ്മം അഭിവന്ദ്യപിതാവ് മാർ ജോസഫ് കുണ്ടുകുളം നിർവ്വഹിച്ചു.ചുറ്റുമുള്ള അഗതി മന്ദിരങ്ങൾക്ക് സംഭാവനകൾ നൽകി.സാധുക്കളായ 50 വിദ്യാർത്ഥികൾക്ക് വസ്ത്രം സമ്മാനിച്ച ു.1999-ലെ പ്ലാറ്റിനം ജൂബിലിക്ക് വേറിട്ടൊരു സമ്മാനമാണ്

നൽകിയത്.ഒരു വൈദിക വിദ്യാർത്ഥിയുടെ പഠനചെലവിന് 15,000 രൂപ മൈനർ സെമിനാരിയിൽ ഏൽപിക്കുക എന്നതായിരുന്നു അത്.

**അവാർഡുകൾ**

1977-ൽ നമ്മുടെ സ്കൂളിന് വിദ്യഭ്യാസവകുപ്പിൽ നിന്നും ബെസ്റ്റ് സ്ക്കൂൾ അവാർഡ് ലഭിച്ചു.1982-ൽ അധ്യാപകർക്കുള്ള നാഷണൽ അവാർഡ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്സ് ആയിരുന്ന സി.മേരി ജസ്റ്റിന് ലഭിച്ചു.ഡൽഹിയിൽ ഇന്ത്യൻ പ്രസിഡന്റ് ശ്രീ.സെയിൽ സിംഗിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി.1985-86 അധ്യയനവർഷത്തിലെ ഏറ്റവും മികച്ച സംസ്കൃതഭാഷാധ്യാപകർക്കുള്ള പ്രഥമ അവാർഡ് ഈ വിദ്യാലയത്തിലെ ശ്രീമതി ഇന്ദിരദേവി ടീച്ചർക്ക് ലഭിക്കുകയുണ്ടായി.1988-89 -ൽ 8-ാം ക്ലാസ്സ് വിദ്യർത്ഥിനി കവിത ബാലകൃഷ്ണന് ഇൻഡോ സോവിയറ്റ് സംഘടനയുടെ ചിത്രരചനാമത്സരത്തിൽ ഏറ്റവും മികച്ച ചിത്രത്തിനുള്ള നെഹ്റു അവാർഡ് ലഭിച്ചു.ഇപ്രകാരം ലഭിക്കുന്നത് കേരളത്തിന് ഇതാദ്യമായാണ്.ഒരു മാസം സൗജന്യമായി സോവിയറ്റ് നാട്ടിൽ താമസിക്കുന്നതിനുള്ള പ്രത്യേക ആനുകൂല്യം ഈ കുട്ടിക്ക് ലഭിച്ചു.2004-2005 അധ്യയനവർഷത്തിൽ തൃശ്ശൂർ ജില്ലയിലെ Best PTA ആയി നമ്മുടെ PTA തിരഞ്ഞെടുക്കപ്പെട്ടു.

2010-ൽ കേരള പുരാവസ്തു ചരിത്രസമസ്യ ഏർപ്പെടുത്തിയ ക്വിസ് മത്സരത്തിൽ നൂറിൻ റിയയും കൃഷ്ണ എൻ രവിയും ഒന്നാം സ്ഥാനം കരസ്ഥമാക്കി.25,000 /- രൂപയുടെ ക്യാഷ് അവാർഡും

ട്രോഫിയും നേടി.കൊച്ചി മഹാരാജാസ്സ് കോളേജിൽ വച്ച് നടൻ മമ്മൂട്ടിയിൽ നിന്ന് ട്രോഫി ഏറ്റുവാങ്ങി.

ലിറ്റിൽ ഫ്ളവർ സ്കൂളിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് അർപ്പണബോധത്തോടും ആത്മാർത്ഥതയോടും കൂടെ ഈ വിദ്യാക്ഷേത്രത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ നാളിതുവരെ ഇവിടെ ഭരണസാരഥ്യം വഹിച്ച ഹെഡ്മിസ്ട്രസ്സുമാരുടെയ ും,അധ്യാപകരുടെയും അനധ്യാപകരുടെയും കരുത്തായി ഒപ്പം നിന്ന പി.ടി.എ.യുടെയും പ്രവർത്തനങ്ങൾ നിസ്തുലങ്ങളാണ്.ഇവരുടെ പ്രയത്നത്തിന്റെ തണലിൽ വളർന്ന് ഇന്ന് ഒരു വൻവൃക്ഷമായി പടർന്നുപന്തലിച്ചു കൊണ്ടിരിക്കുന്നു.

എൽ.എഫ്. ഹൈസ്ക്കൂളിലെ ഭരണസാരഥ്യം വഹിച്ചവർ:-

| | |
|---|---|
| സി.സെലിൻ | 1944 – 1965 |
| സി.ഡൊമിറ്റില | 1965 – 1969 |
| സി.അബ്രഹാം | 1969 – 1971 |
| സി.ക്ലറിസ | 1971 – 1978 |
| സി.മേരി ജസ്റ്റിൻ | 1978 – 1984 |
| സി.മേഴ്സി | 1984 – 1995 |

| | |
|---|---|
| സി.ജോസ്റിറ്റ | 1995 – 2001 |
| സി.മേഴ്സീന | 2001 – 2004 |
| സി.ദീപ്തി | 2004 – 2006 |
| സി.ആൻമരിയ | 2006 – 2010 |
| സി.ഫ്ളോറൻസ് | 2010 – 2015 |
| സി.റോസ്ലറ്റ് | 2015 - |

ലിറ്റിൽ ഫ്ളവർ ഹൈസ്ക്കൂളിനെ ഇന്ന് നയിച്ചുകൊണ്ടിരിക്കുന്നത്.ഇരിങ്ങാലക്കുട വിദ്യഭ്യാസ ജില്ല ഏർപ്പെടുത്തിയ പ്രഥമ "ആചാര്യശ്രേഷ്ഠ" അവാർഡിന് സിസ്റ്റർ അർഹയായി എന്നത് ഏറെ അഭിമാനകരമാണ്.ഈ ഹൈടെക്ക് യുഗത്തിൽ മൾട്ടി മീഡിയായിലൂടെ നൂതന അറിവുകൾ ലഭ്യമാക്കുന്നതിന് വേണ്ടി 2011-ൽ Edu Com ന്റെ സ്മാർട്ട് ക്ലാസ്സ് റൂം ഇവിടെ സജ്ജമാക്കിയിട്ടുണ്ട്.വിദ്യഭ്യാസം കൂടുതൽ ആകർഷകവും വിജ്ഞാനപ്രദവും ആക്കാൻ ഇതിലൂടെ സാധിക്കുന്നു.

ദൈവത്തിന്റെ ശക്തവും അനുഗ്രഹദായകവുമായ സാന്നിദ്ധ്യവും ഈ വിദ്യാലയത്തിന്റെ നാമഹേതുകയായ വി.കൊച്ചു ത്രേസ്യായുടെ സ്വർ

ഗ്ഗീയ മാധ്യസ്ഥവും ഈ വിദ്യാലയത്തിൽ നിറഞ്ഞു നിൽക്കുന്ന ു.ഇവിടെ കടന്നുവരുന്നവർക്ക് ഒരു പോസിറ്റീവ് എനർജി പ്രദാനം ചെയതു കൊണ്ട് എന്നെന്നും ഏവർക്കും ഊഷ്മളമായ വരവേൽപ്പ് നൽകുവാൻ ഈ വിദ്യാലയം ശ്രദ്ധ ചെലുത്തുന്നു.

.........................................................................................

**താളുകൾ മറയുമ്പോൾ...**


കടലിന്റെ ധീരവനിതയെ അടുത്തറിയൂ........23
കുളിരായി ഒരു മഴക്കാലം........30
കുഞ്ഞു കിളി........31
തലയോലക്കിളി ചൊല്ലി ഞാനൊരു........31
കടംകഥകൾ........33
അമ്മ........35
A SMILE........38
BE LIKE AN EAGLE WHO SOAR SO HIGH........40
EMERGING TRENDS IN ORGANIC FARMING........42
പ്രളയമഴ........44
പൂച്ചക്ക് പകരം എലി........47
നന്ദി-അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന പുണ്യം........49
കമ്പ്യൂട്ടർ........52
ഇനിയെത്ര ദൂരം........54
വിഷു വരവായ്........56
ജീവനാണ് നീ........57
പ്രകൃതി മാതാവേ ക്ഷമിച്ചാലും........58
ചങ്ങാതി തൻ ഓർമ്മകളിൽ........60
ഓർമ്മയിലെ വിദ്യാലയം........64
കുഞ്ഞുമാലാഖ........66
മാന്ത്രിക മുഖമൂടി........67
Flower........69

Benefits of using Information Technology..........71
മിന്നാമിന്നിക്കൂട്ടം..........76
റിപ്പോർട്ട്..........77

# കടലിന്റെ ധീരവനിതയെ അടുത്തറിയൂ.......



കടലിലെ ധീരതയ്ക്കുള്ള രാജ്യാന്തരപുരസ്കാരം. ഉയർന്ന ജീവിതവീക്ഷണം....സാഹസികതയെ ചവിട്ടുപടിയാക്കികൊണ്ടുള്ള മുന്നേറ്റം. സാഹസികത പുല്കാൻ മറ്റുള്ളവരെ പ്രചോദിപ്പിക്കുന്നവൾ.ഇന്ത്യൻ മെർച്ചന്റ് നേവിയിലെ പ്രഥമ വനിതാക്യാപ്റ്റൻ .... ക്യാപ്റ്റൻ രാധികാമേനോൻ...... തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിനടുത്തുള്ള തിരുവഞ്ചിക്കുളമാണ് ജന്മദേശം. 'I took the one less travelled by

And that has made all the difference'.

പ്രശസ്ത കവി റോബർട്ട് ഫ്രോസ്റ്റിന്റെ "The Road Not Taken" കവിതയിലെ ഈ വരികൾ ക്യാപ്റ്റൻ രാധികാമേനോന്റെ ജീവിതത്തിൽ തികച്ചും അർത്ഥവത്താണെന്ന് എനിക്ക് ബോധ്യപ്പെട്ടു. കാരണം സ്ത്രീകൾ ആരും സഞ്ചരിക്കാത്ത പാതയാണ് ക്യാപ്റ്റൻ തെരഞ്ഞടുത്ത് .പുത്തൻ പാത വെട്ടി തെളിച്ച്...പത്താം ക്ളാസ്സിന ശേഷം ഒരു പുത്തൻ പാതയിലൂടെ തന്റെ ചുവടു വെയ്ക്കാൻ ധീരത പ്രകടിപ്പിച്ചു. കൊച്ചിയിലെ മറൈൻ കോളേജിലെ പഠനത്തിനായി പോയി. അതിനശേഷം 1991 ൽ ട്രെയ്നി റേഡിയോ ഓഫീസറായി ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ എത്തി. അതിലെ അനേക സാധ്യതകൾ കണ്ടെത്തിയതിനാൽ നേവി രംഗത്ത് ഉപരിപഠനം ആരംഭിച്ചു. സ്ത്രീകൾ ആരും തന്നെ ജോലിക്ക് പ്രവേശിക്കാത്ത ഈ കർമ്മപദം അസാധാരണ സിദ്ധികളോടെ കൈകാര്യം ചെയ്തുകൊണ്ട്, ഇന്ത്യൻ

നേവിയിലെ പ്രഥമ വനിത ക്യാപ്റ്റൻ എന്ന പദവി കരസ്ഥമാക്കി. 30 വർഷങ്ങൾ ഈ മേഖലയിൽ പിന്നിടുമ്പോൾ, പെൺകുട്ടികൾക്ക് ഏറെ സാധ്യതയുള്ള ഈ കർമ്മവീഥിയിൽ വഴിവിളക്കായി നിന്നുകൊണ്ട് അവരെ നയിക്കുന്നു. അതിനുവേണ്ട നൂതനമാർഗ്ഗങ്ങൾ ആസൂത്രണം ചെയ്ത് ആവിഷ്കരിക്കുന്നു.

വിജയതന്ത്രം

കൂടെ ജോലിചെയ്യുന്നവരോടും ജൂനിയേഴ്സിനോടും ആദരവോടെയുള്ള പെരുമാറ്റമാണ് ക്യാപ്റ്റന്റെ വിജയതന്ത്രം. അതിനാൽ തന്നെ എല്ലാവരുടെയും സഹകരണം അനായാസം ലഭിക്കുന്നുണ്ട് . യോഗ, സംഗീതം, വായന, പ്രാർത്ഥന ഇവയ്ക്കെല്ലാം സമയം കണ്ടെത്തുന്നു.

ക്യാപ്റ്റൻ എന്ന നിലയിൽ കപ്പലിന്റെയും അതിലെ സഞ്ചാരികളുടെയും സുരക്ഷയ്ക്ക് പ്രാധാന്യം  നല്കുന്നു. സ്വയം തീരുമാനം എടുക്കാനുള്ള കഴിവും സേവനം ചെയ്യാനുള്ള വിശാലമനസ്സും തന്റെ ജീവിതയാത്രയെ സുഖമമാക്കുന്നുവെന്ന് ഏറെ ആത്മവിശ്വാസത്തോടെ ഈ വനിതാരത്നം പറയുന്നു.

അഭിമാനമുഹൂർത്തം

മരണത്തെ മുഖാമുഖം കണ്ട ഏഴ് പേരുടെ ജീവൻ രക്ഷിച്ചത് തന്റെ ജീവിതത്തിലെ  മറക്കാനാവാത്ത അനുഭവമാണ്. ആ മത്സ്യതൊഴിലാളികളുടെ നന്ദിയും സന്തോഷവും നിറഞ്ഞ മുഖം ഇന്നും തന്റെ മനസ്സിൽ തത്തിക്കളിക്കുന്നു. ....അവരുമായി ആശയവിനിമയം ചെയ്യുന്നതിൽ ഏറെ സന്തുഷ്ടയാണ് എന്നും ക്യാപ്റ്റൻ പറയുന്നു.....

2015 ജൂൺ 21 നാണ് ബംഗാൾ ഉൾക്കടലിൽ ഒഡിഷയുടെ ആഴക്കടലില്  മരണവുമായി മല്ലിട്ടുകഴിഞ്ഞ ഏഴു മത്സായതൊഴിലാളികളെ രാധികാമേനോൻ ക്യാപാറ്റനായ സമ്പൂർണ്ണസ്വരാജ് എന്ന എണ്ണക്കപ്പൽ രക്ഷപ്പെടുത്തിയത് .എൻഞ്ചിൻ തകരാറായതിനെതുടർന്ന് തിരമാലകളിലും കാറ്റിലും പെട്ട് തകർന്ന് തുടങ്ങിയ ബോട്ടിൽ മരണത്തെ മുഖാമുഖം കണ്ടു കഴിയുകയായിരുന്ന ആന്ധ്രപ്രദേശിൽ നിന്നുള്ള മത്സ്യതൊഴിലാളികൾ. 25 അടി ഉയരത്തിൽ ഉയർന്ന് പൊങ്ങുന്ന തിരമാലകളും ശക്തമായ കടൽ കാറ്റും കപ്പലിന്റെ പ്രയാണത്തിന് തടസ്സമായ ഘട്ടത്തിലാണ് മത്സ്യതോഴിലാളികളുടെ അപകടാവസഥ ക്യാപ്റ്റൻ സഹപ്രവർത്തകരെയും കുട്ടി മുന്നോട്ടിറങ്ങി . ജീവനക്കാർ ബോട്ടിനെ രക്ഷാവലമൊരുക്കി ഐെസ് മാത്രം കഴിച്ച് മൃതപ്രായമായി കിടന്ന ഏഴ് തൊഴിലാളികളെയും സമ്പൂർണ്ണയിലെത്തിച്ചു .തുടർന്ന് അവരുടെ സുരക്ഷയ്ക്കായി  വേണ്ടതായ സത്വരനടപടികൾക്കെല്ലാം വേണ്ടതായ നേതൃത്വം നല്കി.

കടലിൽ കാണാതായാൽ ഏഴു ദിവസം കഴിഞ്ഞാൽ തിരിച്ചു വരില്ലെന്ന നാട്ടാചാരപ്രകാരം ഈ മത്സ്യതോഴിലാളികളിൽ ഇവരുടെ മരണാനന്തര ചടങ്ങിന് ഒരുക്കം തുടങ്ങാൻ ഇരികുന്നവേളയിലാണ് ഇവരുടെ ഫോൺകോൾ വീട്ടിലെത്തുന്നത്.ക്യപ്റ്റൻ കൃതജ്ഞതയോടെ പറഞ്ഞു തന്നെ പൂർണമായും പിന്തുണയ്ക്കുന്ന കുടുബം തനിക്കെന്നും പ്രേരകശക്തിയാണ്.സജീവസാനിധ്യമായി മുന്നേറി വഴിവെളിച്ചമേകുന്ന അങ്ങേക്ക് ബിഗ് സല്യൂട്ട്...........

സി ധന്യ സി എം സി

സാമൂഹ്യശാസ്ത്ര അധ്യാപിക

...................................................................................

# കുളിരായി ഒരു മഴക്കാലം....

മഴയും മഴക്കാലവും എന്നും നമുക്ക് പ്രിയപ്പെട്ടതാണ്.......
വേനൽ മഴ തുടങ്ങി
കഴിഞ്ഞു.......




കുഞ്ഞുനാൾ മുതലേ മഴ എനിക്ക് ഒരു ഹരമായിരുന്നു. ഇറയത്തേയ്ക്ക് കാലും നീട്ടി മഴവെള്ളം കാലിൽ തട്ടിതെറിപ്പിക്കുക ആയിരുന്നു മഴയുള്ള സമയത്തെ പ്രധാന പരിപാടി. നനുത്തു പെയ്യുന്ന ചാറ്റൽമഴയത്ത് നടക്കുക ഒരു രസം ആയിരുന്നു. കുടയും പിടിച്ചാണ് മഴയത്ത് ഞാൻ നടക്കാറ്. വീടിന്റെ മുന്നിൽ കൂടി ഒഴുകുന്ന ഒരു തോടുണ്ട്. അതുകഴിഞ്ഞാണ് പാടം. മഴക്കാലം ആകുമ്പോൾ ഈ തോടും പാടവും നിറഞ്ഞൊഴുകും.

**ആമ്പൽ കൃഷ്ണ കെ.എസ്**

**9 D**

# കുഞ്ഞു കിളി



തലയോലക്കിളി ചൊല്ലി ഞാനൊരു

കല്ല്യാണത്തിന് പോകുന്നു

ഇഞ്ചിക്കാടിലെ മാടത്തക്കിളി

കെഞ്ചി ഞാനും പോരട്ടെ

അമ്മയോടെന്നു ചോദിച്ചോ നീ

ചുമ്മാ വന്നാൽ തെറ്റല്ലേ!

നല്ലോലക്കിളി ചോദിച്ചപ്പോൾ

മാടത്തക്കിളി കളിയാക്കി

ഇത്തിരി ദൂരം ചെന്നപ്പോളൊരു

വൃക്ഷം കണ്ടു മാടത്ത

അവിടെയിരിക്കാം ക്ഷീണം തീർക്കാം

ഇത്തിരി ചൊല്ലി മാടത്ത

വെടികൊണ്ടല്ലോ വീണതു കഷ്ടം

മാടത്തക്കിളി താഴേക്ക്

അമ്മയെ നമ്മൾ  നിന്ദിക്കരുതേ

അപകടമാണത് സൂക്ഷിച്ചോ...........

ശ്രീനന്ദ.എ.എസ്

5 E

# കടംകഥകൾ



- ഒരു തൊഴുത്തിൽ 32 വെള്ളകാള. -പല്ല്
- ഒരു ഭരണി നിറയെ ചാരം. -കുമ്പളങ്ങ
- ഒറ്റ കുത്തിന് കണ്ണു തുറക്കും പാവ, മറുകുത്തിന് കണ്ണടയ്ക്കുംപാവ.-വൈദ്യുത ബൾബ്
- ഓടിയോടി നടക്കും തീപ്പന്തം-മിന്നാമിനുങ്ങ്
- ഒരാൾ കണ്ണ് തുറന്ന് ഉറങ്ങുന്നു-മീൻ
- ഒരു പറ അരിയും തേങ്ങാപ്പൂളും-നക്ഷത്രങ്ങളും ചന്ദ്രകലയും

- കണ്ണു രണ്ടല്ല, മൂന്നുണ്ട് എന്നിട്ടും കുരുടൻ-നാളികേരം
- കരുവാൻ കുട്ടന് കാവൽക്കാരൻ-താക്കോൽ
- കണ്ടാൽ വടി, തിന്നാൽ മധുരം-കരിമ്പ്
- കണ്ണില്ലെങ്കിലും കരയും-മേഘം

അക്ഷര. പി.
സുജിത്ത്

IX B

# അമ്മ



അമ്മ ഈ ലോകത്തെ
മനോഹരമായ വാക്ക്. ഈ വാ ം പല
കവികളും വ്യക്തമാക്കിയിട്ടു കുഞ്ഞ ന്റെ ജനന
മുതൽ അവന്റെ വളർച്ചയു ്യത്യസ്ത ഘട്ടങ്ങളിൽ
കൂട്ടായിനി ം ജീ ത്തിന്റെ വഴിത്താരയിൽ ർ
ഗദർശ യും എല്ലാത്തിനുമുപരി
ന ാൻ അമ്മയ്ക്ക് സാധിക്കുന്ന
ജീ ൽ ഒഴിച്ചുക ാകാത്ത പല വേഷങ്ങ
ഒ കാര്യം ചെയ്യാൻ അമ്മയ്ക്ക് അല്ലാ
അ ? ജീവിതത്തിന്റെ ന്തോഷ ം
സ യും ദുഃഖങ്ങളിൽ ശ്വസിപ്പി ും
ചെ ഹനീയയാണ്.

അമ്മ എ രണ്ടക്ഷരത്തിൽ
ഒരുപാട് ാരങ്ങൾ ഉൾച്ചേ ിരിക്കുന്നു. മറ്റൊരർ
ഥത്തിൽ സ്നേഹം, ക ്യാഗം തുടങ്ങിയ മൂല്യങ്ങൾ

ഒന്നിച്ചുചേർന്നതാണ് അമ്മ. ഒരു വ്യക്തിയുടെ ജീവിതവിജയത്തിലേക്കുള്ള ചവിട്ടുപടികളുടിയാണ് അമ്മ. നമ്മുടെ തെറ്റുകൾ തിരുത്തി നമ്മെ നേർവഴിയിലേക്ക് നയിക്കുന്ന വഴികാട്ടിയുമാണ് അമ്മ. നമ്മുടെ വികൃതികൾക്ക് നമ്മെ ശിക്ഷിക്കുമ്പോൾ ഒരുപക്ഷേ നാം അമ്മയോട് ദേഷ്യപ്പെടാം. എന്നാൽ നമുക്ക് അസുഖം വരുമ്പോൾ നമുക്കായി ഉറക്കം വെടിയുന്ന അമ്മയെ നാം പലപ്പോഴും ശ്രദ്ധിക്കാറില്ല. ചുരുങ്ങിയ സമയംകൊണ്ട് ഒരുപാട് പണികൾ ചെയ്ത് തീർക്കുന്ന അമ്മയെ കണ്ട് ഞാൻ പലപ്പോഴും ആശ്ചര്യപ്പെടാറുണ്ട്. അമ്മയുടെ വിശേഷണം വാക്കുകൾക്ക് അതീതമാണ്. അമ്മയുടെ സ്നേഹം അനന്തവും.

ഇന്ന് വൃദ്ധാശ്രമങ്ങളിൽ വൃദ്ധരായ അമ്മമാരുടെ എണ്ണം വർദ്ധിച്ചുവരുന്നു. അമ്മമാരുടെ അതിരറ്റ സ്നേഹം മക്കൾ കാണാതെ പോകുന്നതാണ് ഇതിന്റെ പ്രധാന കാരണം. മക്കളെ ജീവനുതുല്യം സ്നേഹിക്കുന്ന മാതാപിതാക്കളെ നാം ബഹുമാനിക്കേണ്ടിയിരിക്കുന്നു. അവരെ അഗാധമായി സ്നേഹിക്കേണ്ടിയിരിക്കുന്നു. അവരെ സംരക്ഷിക്കേണ്ടിയിരിക്കുന്നു. മാതാപിതാക്കളെ സ്നേഹിക്കുന്ന, സഹായിക്കുന്ന, അവരോടൊപ്പം സമയം ചിലവഴിക്കുന്ന, അവരെ സംരക്ഷിക്കുന്ന ഒരു

പുതുതലമുറയെ വാർത്തെടുക്കാനായി നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം.

- അമൃത കൃഷ്ണ കെ യു

9 B

# A SMILE

It cost nothing, but means so much. It enriches those who receive it

without impoverising those that give it

it happens in a flash

but sometimes the memory lasts forever

none are so rich that they can get on without it



and none so poor, but are the right for its benefits

it is rust to the weary, day light to the discouraged

sunshine to the sad and nature is best antidote

in times of trouble.

Yet it cannot be bought, borrowed or stolen

For it is something that is not earthly used to anyone

unless given away

and if in the rushed to business a man is too tired
to give you one
then leave one of yours
for no one needs a smile
So much as those have none to give...

PARVATHY K J

9 D

# BE LIKE AN EAGLE WHO SOAR SO HIGH........



*Do not sigh*
*fly like an eagle so high...*

*they do not search for nest while*
*raining*
*instead they fly over the rain....*

*So should we be, do not hide from your problems;*
*fly over them and overcome them....*

*so sharp is their eyes, they get preys easily*
*be like them sharpen your minds to catch*
*your dreams before they are out of sight*

*they are being trained from the moment of their birth.....*
*do not be shy, do not be lazy*
*show your talents and impress others....*

*be strong fly over everything like an eagle*
*with strength and might*
*do not sigh*
*fly like an eagle so high......*

ALIN THERESA DAVIES

7 D

# EMERGING TRENDS IN ORGANIC FARMING



The major benefits of organic farming; It helps in maintaining environmental health by reducing the level of pollution. It reduces human and animal health hazards by reducing the level of residues in the product. It helps in keeping agricultural production at a higher level and makes it sustainable.

Methods of organic farming:

The principle methods of organic farming include crop rotation, green manures and compost biological pest control and mechanical cultivation.

Methods of organic farming in home;
vertical farming polyhouse farming, hydroponics, aeroponics, precision farming etc..These can also be utilised as the methods for the organic cultivation and environmental plantations.

Aswathi K P

*9 D*

# പ്രളയമഴ



വിരഹത്തിൻ പടിവാതിൽ വിതുമ്പുന്ന നാം
കരൾനോവും ഗഗനത്തിൻ കഥകേട്ടിട്ട്,
അറിയുന്ന ലോകത്തിൻ അറിയാത്ത
മുഖമായി എരിയുന്ന ഓർമ്മകൾ പങ്കുവെച്ചു......
ആകാംഷ വിരിയിക്കും നവലോകനന്മകൾ
ചിറകൊടിഞ്ഞ കിനാക്കളായി ഒഴുകുന്നിതാ......
വീഴുന്ന തുള്ളികൾ വാടുന്ന പൂവിനാൽ
മലയാളനാടിന്നു പ്രഥമാശയം
അഴകായെഴുതുന്നൊരാനനം മാത്രമെ-
ന്നറിയാതെ ചിന്തിക്കയായി നമ്മൾ
ഇരുകാതു കോർത്താലും അകലാത്ത
വേദന ഖിന്നമായിന്നിതാ പൊങ്ങിടുന്നു......
ദൈവത്തെ വിശ്വസിക്കാത്തൊരു വ്യക്തിയും

ദൈവത്തിൽ ആശ്രയം പ്രാപിച്ചിടും

കോടികൾ കൊണ്ടു കൊട്ടാരം
പണിതവർവാളിന്റെ മൂർച്ചയാൽ മണ്ണിലാഴം
എന്തിനീ വേദന എന്തിനീ ക്രൂരത
മാനവ നാടിനെ മണ്ണൊടുക്കാൻ..................

-അശ്വതി കെ. പി
9 D

# പൂച്ചക്ക് പകരം എലി



ഒരിക്കൽ അപ്പുവിന്റെ വീട്ടിൽ വലിയ എലി ശല്യമുണ്ടായി.ഒരു സാധനം സൂക്ഷിക്കാൻ വയ്യാത്ത അവസ്ഥ. തുണികളെല്ലാം അവ കടിച്ചുമുറിച്ചു. ഭക്ഷണസാധനമെല്ലാം കട്ടുതിന്നു. അപ്പു എലികളെ തുരത്താൻ പല പരിപാടികളും നോക്കി. പക്ഷേ, ഒന്നും വിജയിച്ചില്ല."ഒരു പൂച്ചയെ വളർത്താം"ഒടുവിൽ അപ്പു ഒരു തീരുമാനത്തിലെത്തി. അവൻ അടുത്ത ഗ്രാമത്തിൽ നിന്ന് ഒരു പൂച്ചയെ കൊണ്ടുവന്നു.പൂച്ച വീട്ടിൽ എത്തിയതും അതിന്റെ പണി തുടങ്ങി. ഓടിനടന്ന് എലികളെ പിടിച്ചു. ആഴ്ചകൾക്കുള്ളിൽ അപ്പുവിന്റെ വീട്ടിൽ എലികളില്ലാതെയായി .അതോടെ പൂച്ച എലികളെത്തേടി അടുത്ത വീടുകളിൽ പോകാൻ തുടങ്ങി.

**–ആതിര സി.ജെ5 B**

# നന്ദി-അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന പുണ്യം




കൂട്ടുകാരെ ,എന്റെയും,നിങ്ങളുടെയും ജീവിതത്തിൽ അലിഞ്ഞുചേരേണ്ട ഒരു പുണ്യമാണ് നന്ദി എന്ന വികാരം.എനിക്ക് ഇല്ലാത്തതിനെക്കുറിച്ച് പരിഭവം പറയുന്നവരല്ലേ നമ്മളെല്ലാവരും.?!!എന്നാൽ,എനിക്ക് ദൈവം തന്നതിനെ ഓർത്ത് നമ്മൾ നന്ദി പറയാറുണ്ടോ? മറ്റുള്ളവരുമായി താരതമ്യപ്പെടുത്തി, എനിക്കില്ലാത്തതും, അവർക്കുള്ളതുമായ കാര്യങ്ങളെക്കുറിച്ച് ചിന്തിച്ച് മനസ്സ്

നീറുന്നതിനേക്കാൾ എത്രയോ നല്ലതാണ്,എനിക്ക് ദൈവം തന്ന ദാനങ്ങളെ  ഓർത്ത് ,അവിടുത്തേക്ക്  നന്ദി പറയുന്നത് ?!ഓരോ നിമിഷവും നന്ദി പറയാൻ തുടങ്ങുമ്പോൾ,ജീവിതത്തിൽ വലിയ അത്ഭുതങ്ങൾ സംഭവിക്കും.എന്തിനൊക്കെ നന്ദി പറയണം?
ഇന്നത്തെ ദിവസം കാണാൻ ദൈവം അനുവദിച്ചതിന്,മാതാപിതാക്കളെ തന്നതിന്,ഭവനം തന്നതിന് ,സഹോദരങ്ങളെ തന്നതിന് ,എന്റെ ആരോഗ്യം, കാഴ്ചശക്തി,കേൾവി ശക്തി,സംസാരിക്കുന്നതിനുള്ള കഴിവ്,അങ്ങനെയങ്ങനെ...............................എത്രയോ ദാനങ്ങൾ!!!!!!!

ദൈവത്തോട് നന്ദി പറയുന്നതോടൊപ്പം,മറ്റുള്ളവരോടും നമ്മൾ നന്ദിയുള്ളവരായിരിക്കണം.നന്ദി ഹൃദയത്തിൽ നിന്ന് പറയുമ്പോൾ ദൈവം നമ്മെ കൂടുതലായി അനുഗ്രഹിക്കുന്നു.

എളിമയുള്ള ഹൃദയമുണ്ടെങ്കിലേ ദൈവത്തോടും സഹോദരങ്ങളോടും ആത്മാർത്ഥമായി നമുക്ക് നന്ദി പറയാനാകൂ.മലയാളത്തിൽ ഒരു ചൊല്ലുണ്ട് :'താഴന്ന നിലത്തേ നീരോടൂ....'ദൈവത്തിനു മുൻപിലും , മറ്റുള്ളവരുടെ മുൻപിലും എളിമപ്പെടുന്നവന്റെ ജീവിതത്തിൽഐശ്വര്യവും,നന്മകളും വർ ഷിക്കപ്പെടും.എപ്പോഴും ,എവിടെയും ,ആരുടെ മുൻപിലും ഒരു നന്ദിയുള്ള മനസ്സുണ്ടാകുക.വിജയത്തിന്റെ ചവിട്ടുപടികൾ കയറാൻ ഇത് നിങ്ങളെ ഒത്തിരി സഹായിക്കും.

ഒന്നു ശ്രദ്ധിക്കൂ......................മനസ്സിൽ എപ്പോഴും നന്ദി സൂക്ഷിക്കൂ.........ഓരോ നിമിഷവും അതിന്റെ അത്ഭുതങ്ങൾ തിരിച്ചറിയൂ......................

ജൂലി ജെയിംസ്

ഇംഗ്ലീഷ് അധ്യാപിക

# കമ്പ്യൂട്ടർ



മൗസിൽ മെല്ലെ അമർത്തീടുമ്പോൾ

വിവിധതരം കാഴ്ചകൾ

സൂത്രക്കാരൻ ചങ്ങാതി

ആളൊരു സൂത്രക്കാരൻ ചങ്ങാതി

പുതുപുത്തൻ വിശേഷങ്ങളുമായി

ഇന്റർനെറ്റിൽ വന്നീടും

കത്തുകളെല്ലാം എളുപ്പത്തിൽ

ഇ-മെയിലിൽ കൈമാറ്റം ചെയ്യും

അക്ഷരവിദ്യ പഠിപ്പിക്കും

കണക്കു കൂട്ടി തന്നീടും

ആട്ടമേറെ കാണിക്കും

പാട്ടുകൾ കേൾപ്പിക്കും

മൗസിൽ മെല്ലെ അമർത്തുമ്പോൾ

പല പല വികൃതികൾ കാട്ടീടും

ഇവനാണല്ലോ വികൃതി കമ്പ്യൂട്ടർ

## നമ്മുടെ പുതുയുഗ കമ്പ്യൂട്ടർ

ഷിൽന

8 D

# ഇനിയെത്ര ദൂരം

ഒരു സഞ്ചാരിയുടെ യാത്രയാണത്ര ജീവിതം. ദൂരങ്ങളെത്ര എന്ന് നിശ്ചയമില്ലാത്ത സഞ്ചാരമാണ് പലപ്പോഴും ജീവിതം. നടന്ന ദൂരങ്ങൾക്കും നടക്കാമായിരുന്ന ദൂരങ്ങൾ ക്കുമിടയിലുള്ള ഇത്തിരി ദൂരം മാത്രമാണ് ജീവിതം .എല്ലാ സഞ്ചാരികളും ദൂരവിത്യാസങ്ങളോടെ മാത്രമാണ് ജീവിതമാകുന്ന വഴിയിൽ നടന്നു നീങ്ങുന്നവത്രേ. ചിലരൊക്കെ ഇത്തിരിദൂരം. ചിലരിത്തിരികൂടി ദൂരം. വീണ്ടും ചിലർ കുറേ ദൂരങ്ങൾ. അങ്ങനെ നീളുന്നവത്രേ യാത്ര.



പലരും കുടെയുണ്ടെങ്കിലും യാത്രയുടെ തുടക്കവും ഒടുക്കവും തനിച്ചായിരുന്നു. ചില മുഖങ്ങളിലൊക്കെ ചിരിയുണർത്തി. ചില മിഴികളിലൊക്കെ കണ്ണുനീര് നിറച്ച് തുടക്കവും ഒടുക്കവും കുറച്ചുവത്രെ. പിന്നിട്ട ദൂരങ്ങൾക്ക് പിന്നിലൊളിപ്പിച്ച ചില ഓർമ്മക്കുറപ്പുകൾ പോലെ , വഴിയോര കാഴ്ച പോലെ ഈ കവിതകൾ നെഞ്ചിലുണരുന്നു.............

മീനാക്ഷി വി എ

*9 A*

# വിഷു വരവായ്.....



നിങ്ങളറിഞ്ഞോ കാടുകളെല്ലാം
പൂമഴ പെയ്യണത്
കൊന്നമരത്തിൽ പൂവിതളെല്ലാം
ചിരിച്ചുനിൽക്കണത്
മഴവില്ലും മാനത്തെത്തി
മദിച്ചുതുള്ളണത്
മയിലുകളെല്ലാം ചിറകുവിടർത്തി
ധിമിധിമിയാടണത്
മത്താപ്പൂവും ലാത്തിരിയും
കത്തിച്ചീറ്റണത്
വെറ്റിലപാക്കും ചില്ലറത്തുട്ടും
കൈയിൽ കിട്ടണത്

അക്ഷര പി.സുജിത്ത്

9 B

# ജീവനാണ് നീ......



ജീവനാം ദൈവമേ

ഞാൻ നിന്നെ സ്നേഹിക്കുന്നു

നിയാം ജന്മം ഞാൻ ജീവിക്കുന്നു.

നിന്നോടു കൂടി ഞാൻ പ്രവർത്തിക്കുന്നു.

നീയില്ലെയെങ്കിൽ ഞാൻ ഇല്ല

എന്ന സത്യം ഞാൻ

നിൻ മുൻപാകെ സമർപ്പിക്കുന്നു

-സഫല അബൂബക്കർ

9 C

# പ്രകൃതി മാതാവേ ക്ഷമിച്ചാലും

പ്രിയ സുഹൃത്തുക്കളെ,

പ്രകൃതി ദൈവം നമുക്ക് തന്ന മഹാദാനങ്ങളിലെ ഏറ്റവും ശ്രേഷ്ഠമായത്.അതിനാൽ നമ്മുടെ കടമയാണ് പ്രകൃതിയെ സംരക്ഷിക്കേണ്ടത്.പ്രകൃതി നമ്മുടെ അമ്മയാണ്.നമ്മുടെ ജീവന്റെ അടിസ്ഥാനമായ പ്രകൃതിയെ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. പ്രകൃതി സംരക്ഷണത്തിനായി നമുക്ക് കൈകോർക്കാം...



# ചങ്ങാതി തൻ ഓർമ്മകളിൽ......

ഭാനുമതി അന്ന് വളരെ സന്തോഷത്തിലായിരുന്നു.ഉണർന്നപ്പോൾ തന്നെ കോവിലകത്തെ ജനൽ പാളികളിലൂടെ കണ്ടത് തന്റെ ഉറ്റ സുഹൃത്തിനെയായിരുന്നു.  കുറേ നാളുകൾക്ക് ശേഷം തന്നെ കാണാൻ വന്നിരിക്കുകയാണവൾ. ആ പരിഭവം ഭാനുവിന്റെ മനസ്സിലുണ്ടായത് എന്നന്നേയ്ക്കുമായി മാഞ്ഞുപ്പോയിരുന്നു.

അന്നേരം ഭാനുവിന്റെ മനസ്സിൽ സന്തോഷത്തിന്റെ റോസാപ്പൂക്കൾ വിരിഞ്ഞുക്കൊണ്ടിരുന്നു.എന്തെന്നില്ലാത്ത സന്തോഷത്താൽ ഭാനു എന്തൊക്കെയോ

അവളോട് പറഞ്ഞുക്കൊണ്ടേയിരുന്നു.ഭാനുവിന്റെ കൊച്ചു കൊച്ചു സന്തോഷങ്ങളും ആവലാതികളും നിശബ്ദമായി കേട്ടുകൊണ്ട് അതിനൊരു പരിഹാരമുണ്ടാക്കാനും

അധികതാമസമുണ്ടായില്ല.ഭാനുവിന്റെ സന്തോഷങ്ങളും വിഷമങ്ങളും പങ്കുവെയ്ക്കുന്ന

ഒരേയൊരു സുഹൃത്തായതുകൊണ്ടാകാം ഇത്. ഭാനുവിന് എല്ലാമെല്ലാമായിരുന്നു അവൾ.എന്തുഭംഗിയാണ് അവളെ കാണാൻ. ഭാനുവിന് അവളെപ്പോലെയാകണമെന്നുള്ള ആഗ്രഹം ഇല്ലാതെയില്ല.അവളോടൊപ്പമുള്ള

ഇന്നലെകളില്ലാത്ത ഓർമ്മകൾ അവളോർ ത്തുകൊണ്ടേയിരുന്നു.

സ്കൂളിലെ എല്ലാവർക്കും അവളെ വലിയ ഇഷ്ടമാണ്.

പക്ഷേ ഭാനുവിന് അവൾ തന്റെ ഒപ്പമുണ്ടാകണമെന്ന ഒരൊറ്റ ആഗ്രഹമേ ഉണ്ടായിരുന്നുള്ളു. അത് തന്റെ സ്വാർ ത്ഥത കൊണ്ടാണെന്ന് ഭാനു കരുതുന്നില്ല.

അതിനു കാരണം അവളോടുള്ള നിഷ്കളങ്കമായ സ്നേഹം മാത്രമായിരുന്നു.ഭാനു

കരയുമ്പോഴെല്ലാം എവിടെ നിന്നോ ഓടിയെത്തുന്ന അവൾ പിന്നെ കുറച്ചുകാലത്തേക്ക് എവിടേയ്ക്കാണ് പോയത്? ഭാനുവിനത് താങ്ങാനാവുന്നതിനപ്പുറമായിരുന്നു. എന്നാൽ, ഇപ്പോൾ തന്നെ അന്വേഷിച്ച് വന്നിരിക്കുകയാണവൾ. പക്ഷേ അവൾ വീണ്ടും പോകുമോ എന്നൊരു ഭയം അവളുടെ മനസ്സിൽ ഉണ്ടായിരുന്നു.

"ഭാനൂ......................."അമ്മയുടെ വിളികേട്ടാണ് അവൾ ഉറക്കത്തിൽ നിന്ന് ഞെട്ടിയുണർന്നത്. കണ്ടതൊരു സ്വപ്നമായിരുന്നുവെങ്കിലും അതൊരു യാഥാർത്ഥ്യമാകാൻ പോകുകയാണെന്ന് മനസ്സിലായി.ഭാനു വേഗം തന്നെ ഇറയത്തേക്കോടി.പുറത്ത് നല്ല മഴയാണ്.ഇറയത്തുവച്ച പാത്രങ്ങളിൽ

മഴത്തുള്ളികൾ നൃത്തം പിടിക്കുന്നു.തണുപ്പായതുകൊണ്ട് പുറത്തേയ്ക്കിറങ്ങാൻ വയ്യ.

എന്നാലും ഭാനുവിന്റെ ചങ്ങാതി അവിടെ തന്നെ നിൽക്കുന്നുണ്ടായിരുന്നു.അവളൊരിക്കലും തന്നെ വിട്ട് പോകല്ലേ എന്നൊരൊറ്റ പ്രാർത്ഥനയോടെ,തന്റെചങ്ങാതിയുടെ എന്തെന്നില്ലാത്ത,ആരോടും പകരം വയ്ക്കാനില്ലാത്ത സൗന്ദര്യം അവൾ ആസ്വദിച്ചു.അതെ,അതവളായിരുന്നു,മഴ. . . . . . . .

-പാർവ്വതി കെ.ജെ

9 D

# ഓർമ്മയിലെ വിദ്യാലയം




സുന്ദരരൂപിതൻ
വേഷമണിഞ്ഞൊരു

കാരുണ്യശിൽപമാണെൻ
വിദ്യാലയം

ഇന്നിതാ  പടികളിറങ്ങാൻ

ഒരിക്കലും കഴിവില്ല നിന്നെ
മറക്കുവാൻ

സ്മരണകൾ പലതും നീ നൽകിയില്ലേ

മനസ്സിലെ ഓർമകൾ വിങ്ങുമീ  വേളയിൽ

ഓർമകൾ കണ്ണുനീർ ചാലുകളാകുന്നു

ഹൃദയത്തിൻ നശ്വരമാം  മൊഴികൾ വിതുമ്പുന്നു

അഴലിന്റെ  ഇതൾമൂടും ജീവിതവീഥിയിൽ

അഴകിന്റെ  നിറദീപം നീ ആയിരുന്നു

നേർവഴി ചൊല്ലും ഗുരുക്കന്മാരും

എന്നെന്നുമോർക്കുവാൻ സുഹൃത്തുക്കളും

എല്ലാം നിൻ വരദാനമെൻ ദിവ്യസ്വരൂപമെ

പിരിയുന്നു ഞാനെൻ ഗുരുക്കളെ

നല്ലതു മാത്രം ഓതിയ കൂട്ടരെഎല്ലാമെൻ ഓർമയിലെ മാധുര്യം

പൂവിൻ നിറയുന്ന തേൻ പോലെ  ഓർമകൾഹൃദയത്തിൽ നിന്നും നീ മായുകയില്ല.

റെനിയ ജോയ്

9 B

# കുഞ്ഞുമാലാഖ

മലയാളമെൻ പ്രിയമെൻ മാതൃഭാഷ

എന്റെ മനം കുളിർക്കുന്ന സ്നേഹഭാഷ

അമ്മയാമെന്നടെ വാത്സല്യഭാഷയാം

കേരളത്തിൻ സ്വന്തം മാതൃഭാഷ

ആയിരം പിഞ്ചിളം പൈതങ്ങൾ

പിച്ചവെക്കുമെൻ മലയാളം

കോമളമൻ പുസ്തകത്താളിലെ

ആദ്യഭാഷയാം മലയാളം

ആദരവോടെ ഞാൻ സ്നേഹിക്കുമെൻ

പ്രിയ സ്നേഹഭാഷ.......



അമൃത എ എം

7 D

# മാന്ത്രിക മുഖമൂടി

ഒരിടത്ത് ഒരു ഗ്രാമത്തിൽ കുട്ടികളുടെ ദേവത



താമസിച്ചിരുന്നു.ഒരു ദിവസം ദേവത

വഴിയിലൂടെ നടക്കുമ്പോൾ ഒരു

പെൺകുട്ടി കരയുന്നത് കണ്ടു. കാര്യം

തിരക്കിയപ്പോൾ അവളുടെ രണ്ടാനമ്മ അവളെ

നിറത്തിന്റെ പേരിൽ കളിയാക്കുകയും വീട്ടിലെ എല്ലാ

ജോലികളും ചെയ്യിപ്പിക്കുകയും ചെയ്തിരുന്നു. ഇത് പറഞ്ഞ്

അവൾ  കരയാൻ തുടങ്ങി. അപ്പോൾ ദേവത അവൾക്ക്

ഒരു മാന്ത്രിക മുഖമൂടി കൊടുത്തു.അതുകൊണ്ട് അവൾ

വീട്ടിലേക്ക് മടങ്ങി. അവൾ സുന്ദരിയായി കാണപ്പെട്ടു.

അതിനാൽ അവൾ സുഖമായി ജീവിച്ചു.

എട്ന സിയോൺ

9 C

# Flower



Pluck this little flower and take it,
delay not ! I fear lest it
drop and drop into the dust

I may not find a place in thy garland
But honour it with a touch of
Pain from thy hand and pluck it
I fear lest the day end before i am
A ware, and the time of offering go by

Though its colour be not deep
And it smell be faint,

Use this flower in thy service and pluck it

While this time........

Alfiya P A

8 B

# Benefits of using Information Technology

- ➔ Improves Knowledge Retention
- ➔ Encourages Individual Learning.
- ➔ Students Can Learn Useful Life Skills Through technology
- ➔ Helps in communication
- ➔ Mobility and Remote connectivity
- ➔ Automation and Agility



The 5 benefits of Information technology can be force multiple Creation of New jobs Information technology and Education Information technology and health sector Effective: Communication Information Technology helps students to improve their results. Students can personalizes the educational process. In this society the information technology has a role in education and business. It provides wider knowledge and can help in gaining and accessing information. Technology can affect life both positively and negatively. Technology plays major role in a person’s life. Such as Education Transportation Communication, and so on ...

We know that the social media is world wide in these days. Social media is computer based technology that facilities the idea of sharing, thoughts and information through the building of virtual networks and communities. By design social media is internet based. In this generation teenaged people and young people spend their most time in social media that are available in apps like What's app, Facebook, Twitter etc.. There advantages and disadvantages in social media. If we choose right way in social media's it will be very useful in these days or else it will chase like the DEVIL.....

Edan mariya

9 C

## മിന്നാമിന്നിക്കൂട്ടം

ഏകാകിയായി ഞാൻ ഇരുളിന് കൂട്ടായി നടക്കവേ

എൻ ചിത്തത്തിൽ നിൻ ഓർമ്മകൾ ഉദിച്ചു

ഓരോരോ സൂക്ഷ്മശബ്ദങ്ങളാൽ ഞാൻ കോരി-

ത്തരിക്കവേ ഓർത്തു നിൻ സംരക്ഷണം

കൂരിരുൾ നിറഞ്ഞ വഴികളിൽ ഒരല്പം

പ്രകാശത്തിനായി ഞാൻ കൊതിച്ചു

എന്റെ കാല്പാടുകളിൽ ഞാൻ സൂക്ഷിച്ച് നോക്കവേ

പെട്ടന്നിതാ ഒരു പ്രകാശം ആമോദ-

ത്തോടെ ഞാൻ നോക്കവേ എന് മുന്നിലിതാ

മിന്നാമിന്നികൂട്ടം

*ആഞ്ചലീന*

*ജോസഫ്*

# റിപ്പോർട്ട്



ലിറ്റിൽ കൈറ്റ്സിന്റെ പ്രിലിമിനറി ക്യാമ്പ് 11-06-2019 12:00 മണിക്ക് ഹെഡ്മിസ്ട്രസ്സ് സി.റോസ് ലറ്റ് ഔപചാരികമായി ഉദ്ഘാടനം ചെയ്തു. ഐ.ടി. @സ്കൂൾ തൃശ്ശൂർ മാസ്റ്റർ ട്രെയിനർ സുനിൽ സർ ക്ലാസ്സ് ആരംഭിക്കുന്നതിനുമുമ്പ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ 6 വ്യത്യസ്ത ഗ്രൂപ്പുകളായി തിരിച്ചു.ഇലക്ട്രോണിക്ക് ഉപകരണങ്ങളായ ഡെസ്ക്ടോപ്പ്, ലാപ് ടോപ്പ് , ടാബ്-ലറ്റ്,സ്കാനർ,പ്രിന്റർ,പ്രോജക്ടർ,എന്നിവയായിരുന്നു ആ

ഗ്രൂപ്പുകൾ.ഓരോ ഗ്രൂപ്പിനും പെർഫോമൻസിന്റെ അടിസ്ഥാനത്തിൽ A1,A2,A3,A4,A5 എന്നീ സെക്ഷനുകളായി തിരിച്ചു.ഈ അഞ്ച് സെക്ഷനിലൂടെ ഐ.ടിയുടെ വിവിധ മേഖലകളെ പരിചയപ്പെട്ടു.

വിവിധ ഇലക്ട്രോണിക്ക് ഉപകരണങ്ങളെ പരിചയപ്പെടുന്നതായിരുന്നു ആദ്യത്തെ സെക്ഷൻ . ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ പേരും അവയുടെ ഉപയോഗവും എഴുതിയായിരുന്നു മത്സരം.രണ്ടാമത്തെ സെക്ഷൻ പൊതുവിദ്യാഭ്യാസരംഗത്തെ ഹൈടെക്ക് പദ്ധതിയും,ലിറ്റിൽ കൈറ്റ്സ് പദ്ധതിയും കൂടുതൽ അറിയലായിരുന്നു.ഇതിനെക്കുറിച്ച് വിശദമായ ചർച്ചയും ഓരോ ഗ്രൂപ്പിനും കിട്ടിയ ആശയങ്ങൾ എതിർ ഗ്രൂപ്പുകളുമായി പങ്കുവയ്ക്കുകയും ചെയ്തു.

മൂന്നാമത്തെ സെക്ഷൻ ലിറ്റിൽ കൈറ്റ് ഉത്തരവാദിത്വങ്ങളും ഒരു ലിറ്റിൽ കൈറ്റ് ആരാണെന്നും അറിയലായിരുന്നു.നാലാമത്തെ സെക്ഷൻ പ്രോജക്ടർ കമ്പ്യൂട്ടറുമായി ബന്ധിപ്പിക്കുന്നതെങ്ങനെയാണെന്ന് മനസ്സിലാക്കി.ഓരോ ലിറ്റിൽ കൈറ്റും പ്രോജക്ടർ പ്രവർത്തിപ്പിക്കാൻ തൽപ്പരരാകാൻ ഈ സെക്ഷൻ വഴി സാധിച്ചു.അഞ്ചാമത്തെ സെക്ഷൻ മൊബൈൽ ആപ്പ് നിർ

മ്മാണം ആയിരുന്നു.കൃത്യം 3:45 ന് വിജ്ഞാനപ്രദമായ ക്യാമ്പ് പര്യവസാനിച്ചു.




10-10-2019 ൽ 2:00 മണിക്ക് മാതൃശാക്തീകരണ പരിപാടി ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി നടത്തി.ക്യൂ ആർ കോഡ് ,ബാർ കോഡ്,എന്നീ ആധുനിക സാങ്കേതികവിനിമയങ്ങളെ സ്കാൻ ചെയ്യാനുള്ള ആപ്പ് ഡൗൺലോഡ് ചെയ്തു.ഒപ്പം തന്നെ സമഗ്രയെ പ്പറ്റിയും വിക്ടേഴ്സ് ചാനലിനെപ്പറ്റിയും ,കുട്ടികളുടെ പഠനത്തെ ഇവ

എങ്ങനെ സ്വാധീനിക്കുന്നു എന്നും മാതാപിതാക്കളെ അറിവുള്ളവരാക്കി.ബൈജി ടീച്ചർ നന്ദി പറഞ്ഞുകൊണ്ട് കൃത്യം 3:00 മണിക്ക് പരിപാടി അവസാനിച്ചു.

എല്ലാ ബുധനാഴ്ച്ചയും 3:00 മണി മുതൽ 4:45 വരെ ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സുമാരുടെ നേതൃത്വത്തിൽ പതിവു ക്ലാസ്സുകൾ കൃത്യമായി നടക്കുന്നു.

# നന്ദി ..... നന്ദി .....

**'മൈൻഡ്രോയ്ഡ്'**എന്ന **ഡിജിറ്റൽ മാഗസിന്റെ** പ്രാരംഭം മുതലേ ഞങ്ങൾക്കുവേണ്ട പ്രോത്സാഹനങ്ങളുമായി നിലകൊണ്ട സുമനസ്സുകൾക്കെല്ലാം നന്ദി പറഞ്ഞ് കടം തീർക്കുകയല്ല.ഞങ്ങൾക്കറിയാം...........ഒരു ഉണ്ടുസ്നേഹത്തണലിന് ,പ്രോത്സാഹനത്തിന് ,ആശങ്കൾ ക്കിടയിൽ തന്ന ആശ്വാസത്തിന്

.................ഒന്നിനുമൊന്നിനും നന്ദി പറഞ്ഞ് കടംതീർക്കാനാവില്ലെന്ന് .............എന്നാലും ഔപചാരികതയുടെ പുറംതോടുമണിഞ്ഞ് ജീവിക്കുമ്പോൾ പറയാതെ വയ്യല്ലോ....

പൊരിവെയിലിൽ സ്നേഹത്തണലായി നിന്ന ഞങ്ങളുടെ പ്രിയങ്കരിയായ ഹെഡ്മിസ്ട്രസ്സ് സി.റോസ് ലറ്റ് ,കൂടെ നിന്ന് ആവേശവും ഊർജ്ജവും പകർന്ന സഹപാഠികൾ,ഒഴിവുവേളകളിൽ പോലും പ്രവർത്തനനിരതരായ ഓഫീസ് സ്റ്റാഫ് .......................താളുകളിലേക്ക് അക്ഷര വിഭവം തയ്യാറാക്കിയ എൽ.എഫ് സ്കൂളിന്റെ പൊന്നോമനകൾ.....

അവയ്ക്ക് വെളിച്ചവും നിറവുമേകി മനോഹരമാക്കിയ ലിറ്റിൽ

കൈറ്റ്സ് അംഗങ്ങൾ...........സ്നേഹപൂർവ്വമായ

സഹകരണം നൽകിയ കൈറ്റ് മിസ്ട്രസ്സ് സ്റ്റോഫി ടീച്ചർ

,ബൈജി ടീച്ചർ ,.....................ഏവർക്കും വാക്കുകൾ

കൊണ്ടല്ല..........സ്നേഹം കൊണ്ട്

പറയട്ടെ.........ഒരായിരം നന്ദി.........




-മാഗസിൻ കമ്മിറ്റി.

.............................................................................................

.............................................................................................

.............................................................................................



***WITH BEST COMPLIMENT FROM:***

***LITTLE KITE MEMBERS 2019-20***
***LFCHS IRINJALAKUDA***
***REGISTRATION NO. LK/2018/23027***